# ACADEMIC MASTER PLAN

# SCENARIO

AZAD MEMORIAL UP SCHOOL 25 - 26

# ഉള്ളടക്കം

ആമുഖം

പൊതുലക്ഷ്യങ്ങൾ

കാഴ്ചപ്പാട്

ആസാദിന്റെ ചരിത്ര വഴികൾ

കർമ്മ പദ്ധതികൾ

ഉപസംഹാരം

# ആമുഖം

നവകേരള മിഷന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ജനപങ്കാളിത്തത്തോടെ മുന്നോട്ടു പോവുകയാണ്. ഈ ഒത്തൊരുമയും പങ്കാളിത്തവും വർദ്ധിപ്പിക്കേണ്ട സാഹചര്യം ഇന്ന് നിലനിൽക്കുന്നുണ്ട്. തുല്യതയും ഗുണതയും ഉള്ള വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും സമയാധിഷ്ഠിതമായി നൽകുകയും സ്കൂൾ വിദ്യാഭ്യാസത്തിലൂടെ കടന്നു വരുന്ന കുട്ടികളിൽ ജനാധിപത്യ മൂല്യങ്ങൾ ഭരണഘടന വിഭാവനം ചെയ്യുന്ന മൂല്യങ്ങൾ പാരിസ്ഥിതികാവബോധം ലിംഗാവബോധം വിമർശനാവബോധം എന്നിവയും വളർത്തേണ്ടതുണ്ട്. ഓരോ കുട്ടികളിലൂടെയും സർവ്വതോന്മുഖമായ വികാസത്തിനുവേണ്ട പഠനാന്തരീക്ഷം ഒരുക്കുകയും ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുകയും വേണം. നാട്ടിൽ ലഭ്യമായ വൈദഗ്ധ്യത്തെ കുട്ടിയുടെ ഗുണമേന്മാവിദ്യാഭ്യാസത്തിന് മുതൽക്കൂട്ടാവേണ്ടതുണ്ട്. ഇതിനെല്ലാം അനുയോജ്യമായി വിദ്യാഭ്യാസ സംവിധാനത്തിന്റെയും നിർവ്വഹണ പങ്കാളികളുടെയും മനോഭാവം മാറ്റിയെടുക്കുകയും എല്ലാ സംവിധാനങ്ങളെയും ഏകോപിപ്പിച്ചുകൊണ്ട് ഓരോ വിദ്യാർത്ഥിയെയും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താൻ കഴിയുന്നതാകണം ഓരോ സ്കൂളുകളും.

1946 ൽ ജൂൺ ഒന്നിന് സ്ഥാപിതമായ ആസാദ് മെമ്മോറിയൽ യു.പി സ്കൂളിൽ 5, 6,7 ക്ലാസുകളിൽ 11 ഡിവിഷനുകളിലായി 311 ഓളം കുട്ടികൾ പഠിക്കുന്നു. 17 അധ്യാപകരും ഒരു അനധ്യാപകനും ഈ സ്കൂളിൽ സേവനം അനുഷ്ഠിക്കുന്നു. കലാ-കായിക പ്രവൃത്തി പരിചയ മേഖലകളിൽ സബ്ജില്ലാ തലത്തിലും ജില്ലാതലത്തിലും ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ ഇവിടുത്തെ കുട്ടികൾക്ക് കഴിഞ്ഞിട്ടുണ്ട്. നുമാത്സ്കോളർഷിപ്പ് പരീക്ഷക്ക് ജില്ലാതലത്തിലേക്ക് സ്ഥാനം ഉറപ്പിക്കുകയും സംസ്കൃതം, ഉർദു, അറബിക് മത്സരങ്ങളിൽ ശ്രദ്ധേയമായ ഗ്രേഡുകളും കരസ്തമാക്കാൻ സ്കുളിന് കഴിഞ്ഞിട്ടുണ്ട്. കഥാകവിതാ രചന മത്സരങ്ങളിൽ ജില്ലയിൽ എ ഗ്രേഡ് നേടിയ നദി.എ.എസ് സ്കൂളിന്റെ അഭിമാനതാരമാണ്. മികച്ച ഒരു ഫുട്ബോൾ ടീം ഈ സ്കൂളിനുണ്ട് എന്ന് പറയുന്നതിൽ ഞങ്ങൾ അഭിമാനിക്കുന്നു. കഴിഞ്ഞ രണ്ട് വർഷങ്ങളിലും സബ് ജില്ലാതലത്തിൽ വിന്നേഴ്സ് ആയി സ്കൂളിന്റെ യശസ്സ് ഉയർത്തിപ്പിടിച്ചു. നല്ല കലാകായിക പ്രവൃത്തി പരിചയ അധ്യാപകരുടെ പരിശീലനക്കുറവ് ഞങ്ങളുടെ കുട്ടികൾക്ക് ഉണ്ട് എന്നത് ഖേദകരമാണ്.

പ്രവർത്തനങ്ങളുടെ ബാഹുല്യവും സമയക്കുറവും അക്കാദമികപരമായി നേടേണ്ട ലക്ഷ്യപ്രാപ്തികൾക്ക് വിഘാതം സൃഷ്ടിക്കുന്നു. രക്ഷിതാക്കളുടെ വിദ്യാഭ്യാസപര മായ പിന്നോക്കാവസ്ഥമൂലം കുട്ടികളുടെ പഠനാവസ്ഥയിൽ വേണ്ടത്ര ശ്രദ്ധിക്കാൻ കഴിയാതെ വരുന്നതും പഠനപുരോഗതിക്ക് തടസമാണ്. സ്മാർട്ട് ക്ലാസ്റൂമുകളുടെ

എണ്ണക്കുറവും ഫലപ്രദമായ ബോധനസംവിധാനത്തെ ക്ഷീണിപ്പിക്കുന്നു. നൂതനസാങ്കേതികവിദ്യയുടെ പരിചയക്കുറവ് അധ്യാപകരുടെ ഇടയിൽ കാണപ്പെടുന്നു. ഇത് ഉപയോഗിക്കുന്നതിൽ അധ്യാപകർ പ്രകടിപ്പിക്കുന്ന വൈമുഖ്യവും കുട്ടികളുടെ പഠനപുരോഗതിക്ക് തടസ്സമാവുന്ന കാരണങ്ങളാണ്.

## പൊതുലക്ഷ്യങ്ങൾ

- പരിസര പ്രദേശങ്ങളിലെ എല്ലാ കുട്ടികളെയും സ്കൂളിലേക്ക് ആകർഷിക്കും
- സ്കൂളൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പ് വരുത്തും.
- പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിഗണന സ്കൂൾ തലത്തിൽ ഉറപ്പു വരുത്തും. കൊഴിഞ്ഞുപോക്ക് ഇല്ലാത്ത അവസ്ഥ സൃഷ്ടിക്കും.
- തുല്യതയും ഗുണതയും ഉള്ള വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ഉറപ്പു വരുത്തു കയും ലിംഗസമത്വവും ജാതി മത വർണ്ണ വിവേചനമില്ലായ്മയും കുട്ടികളിൽ വളർത്തി യെടുക്കും.
- ഭൗതിക - മാനവിക സാംസ്കാരിക സൗകര്യങ്ങൾ കുട്ടികളുടെ സർഗാത്മക വിക സനത്തിന് ഉപയോഗിക്കും.
- മികച്ച മാനസിക വൈകാരിക ശാരീരിക ആരോഗ്യം ഉറപ്പുവരുത്തും.
- മാതൃഭാഷയ്ക്കൊപ്പം ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ സംസാരിക്കാനും, വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പുവരുത്തും.
- സംഘപഠനമുൾപ്പെടെയുള്ള വൈവിധ്യമാർന്ന മാർഗ്ഗങ്ങളിലൂടെ ആർജിക്കുന്ന അറി വുകളെയും കഴിവുകളെയും വ്യക്തിഗതമായി വിലയിരുത്തലിന്റെ അവിഭാജ്യമാക്കി മാറ്റുകയും ചെയ്യും.
- ഭിന്നശേഷിക്കാർക്ക് പ്രത്യേക പരിഗണന നൽകിയുള്ള ബോധനസംവിധാനം
- പാരിസ്ഥിതികാവബോധം,സാമൂഹികാവബോധം,മാലിന്യനിർമ്മാർജ്ജന അവ ബോധം, ശാസ്ത്രാവബോധം എന്നിവ ഉളവാക്കാൻ ആവശ്യമായ പഠന സംവി ധാനം ഉറപ്പുവരുത്തും
- കുട്ടികളുടെ അഭിരുചികൾ തിരിച്ചറിഞ്ഞ് തൊഴിൽ മേഖലകൾ കണ്ടെത്തുന്നതിന് സഹായിക്കും.

# കാഴ്ച്ചപ്പാട്

കുട്ടികൾ അവരുടെ ചിന്തകളുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതിനും കാഴ്ച പ്പാടിനുതകുന്ന രീതിയിൽ അവരുടെ പഠനകേന്ദ്രത്തിന്റെ ലക്ഷ്യപ്രാപ്തിക്കും പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം പ്രാധാന്യം നൽകുന്ന ഈ വേളയിൽ സ്കൂളിന്റെ പടി വാതിൽ കടന്നു വരുന്ന ഓരോ വിദ്യാർത്ഥിക്കും തുല്യതയും, ശാസ്ത്രാവബോധവും സാമൂഹികാവബോധവും ഉറപ്പാക്കുന്നു.

ഈ ശൈക്ഷണിക പന്ഥാവിൽ പ്രകൃതി സൗഹൃദ സങ്കൽപ്പവും കൂടി വളർത്തുന്നതാണ്. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ 'ഒരു കൈത്താങ്ങ് നൽകി ഉന്നതി യിലെത്തിക്കാനും സാമൂഹ്യബന്ധം ഉറപ്പാക്കുന്നതിനും ഉതകുന്ന ഇത്തരം പ്രവർത്തന ങ്ങളുടെ അവസര സമത്വവും ഈ വിദ്യാലയം നോക്കിക്കാണുന്നു.

# ആസാദിൻ്റെ ചരിത്ര വഴികൾ

ഇന്ത്യൻ സ്വാതന്ത്ര്യസമരചരിത്രത്തിൽ സമുന്നത സ്ഥാനം നേടിയ പ്രഗത്ഭരിൽ ഒരാളും സ്വാതന്ത്ര്യഭാരതത്തിന്റെ പ്രഥമ വിദ്യാഭ്യാസമന്ത്രിയും ബഹു ഭാഷാ പണ്ഡിതനും അതിലു പരി ഭാരതത്തിൽ മതമൈത്രി നിലനിന്നു കാണാൻ ഏറെ ആഗ്രഹിക്കുകയും അതിനായി പോരാടുകയും ചെയ്ത ഒരു മഹത്വ്യക്തിയായിരുന്ന മൗലാനാ അബ്ദുൾകലാം ആസാ ദിന്റെ നാമധേയത്തിൽ ധന്യമായ ഈ വിദ്യാലയം 1984 ജൂൺ 1-ാം തിയ്യതി സ്ഥാപിതമായി.

1928 മലബാർ ഡിസ്ട്രിക്ട് ബോർഡ് എലമെന്ററി സ്കൂൾ കുമാരനെല്ലൂർ അഞ്ചാം ക്ലാസ് വരെയുള്ള പഠനത്തോടെ ആരംഭിച്ചു. 1957 ൽ പ്രാഥമിക വിദ്യാഭ്യാസം നിർബന്ധ മാക്കി സർക്കാർ സ്കൂളുകൾ ഏറ്റെടുക്കുകയും ക്ലാസുകൾ നാല് വരെയാക്കി ചുരുക്കുകയും ചെയ്തു. ഉയർന്ന പഠനത്തിനായി ദൂരസ്ഥലങ്ങളിലേക്ക് കുട്ടികളെ അയക്കാൻ പ്രയാസമായിരുന്ന അക്കാലത്ത് അപ്ഗ്രേഡ് ചെയ്യുന്നതിനുമുള്ള യജ്ഞപരിപാടികൾ മുന്നേറി. മുക്കം പ്രദേശത്തെ അറിയപ്പെടുന്ന തറവാടായിരുന്ന ബലിയമ്പ്ര പുറ്റാട്ട് ബി.പി. കുഞ്ഞാലി ഹാജി സ്കൂളിനു വേണ്ടിയുള്ള ശ്രമത്തിൽ വിജയിപ്പിക്കുകയും അദ്ദേഹം മാനേജറായുള്ള കമ്മറ്റി സ്കൂൾ ആരംഭിക്കുകയും ചെയ്തു. തദവസരത്തിൽ കോൺഗ്രസ് രാഷ്ട്രീയത്തിൽ വളരെയധികം സ്വാധീനവും നാട്ടുകാരിൽ ഏറിയ വിശ്വസ്തതയും കഴിവും മതമൈത്രി ക്കായി പ്രവർത്തിക്കുകയും ചെയ്ത അദ്ദേഹത്തിന് സ്കൂളിന് ഒരു പേരിടാൻ കൂടുതൽ ചിന്തിക്കേണ്ടി വന്നില്ല. മഹാനായ അബ്ദുൾ കലാമിന്റെ തേജസ്സുയർത്തിപ്പിടിച്ച് കുമാരനെ ല്ലൂരിൽ സ്കൂൾ പ്രവർത്തനമാരംഭിച്ചു.

കാൽപാടുകൾ മാറി കാഴ്ചപ്പാടുകൾക്കുതകുന്ന നൂതന വിദ്യാഭ്യാസ സമ്പ്രദായങ്ങൾ രൂപം കൊണ്ടു. ഈ ഒരു സാഹചര്യത്തിൽ കുട്ടികളുടെ കലാകായിക വൈജ്ഞാനിക മേഖലയുടെ സർവ്വോയ്മുഖമായ ഉന്നതിക്ക് കൂടുതൽ പ്രവർത്തനങ്ങൾ അനിവാര്യമാണ്. ആരംഭകാലത്ത് ഭൗതിക സൗകര്യങ്ങൾ വളരെ കുറവായിരുന്ന ഈ സ്ഥാപനം പിന്നീട് മാനേജ്മെന്റിന്റെയും പി.ടി.എയുടെയും വിവിധങ്ങളായ മറ്റു ഏജൻസികളുടെയും സഹക രണത്തോടെ പുരോഗതി നേടിയിട്ടുണ്ട്. ഇന്ന് ഈ സ്ഥാപനത്തിൽ 31 ഓളം കുട്ടികളും 17 അധ്യാപകരും ഒരു അനധ്യാപകനും ഉണ്ട് എന്നതിൽ ചാരിതാർത്ഥ്യമുണ്ട്.

അക്കാദമിക മേഖലയുടെ പ്രാപ്തി കൈവരുന്നതിന് സാമൂഹ്യ ഭൗതികപരമായ മേഖലകൾ പ്രഥമസ്ഥാനം വഹിക്കുന്നു. ഭാഷാക്ലബുകൾ, ശാസ്ത്ര-സാമൂഹ്യ ക്ലബ്ബുകൾ, ജെ.ആർ.സി നല്ല പാഠം, പരിസ്ഥിതി ക്ലബ്ബ്, പ്രവർത്തി പരിചയ ക്ലബ്ബ് എന്നിവയിലൂടെ കുട്ടി കളെ പാഠ്യ - പാഠ്യേതര പ്രവർത്തനങ്ങളിൽ മുന്നോട്ട് നയിക്കുന്നു. നാടിന്റെ വിദ്യാഭ്യാസ പുരോഗതി ലക്ഷ്യമിട്ട് സ്ഥാപിക്കപ്പെട്ട ആസാദ്

സ്കൂൾ സ്ഥാപിച്ചവരുടെ ലക്ഷ്യങ്ങൾ നേടി യെടുക്കാനുള്ള ശ്രമത്തിൽ ഏറെ മുന്നേറിയിരിക്കുന്നത് എന്നത് അഭിനന്ദാർഹം.

# മലയാളം

## ആമുഖം

നമ്മുടെ രാജ്യത്ത് മലയാള ഭാഷയ്ക്ക് ഉത്കൃഷ്ടമായ സ്ഥാനമാണുള്ളത്. അനേകം രചയിതാക്കളാലും സാഹിത്യ കൃതികളാലും സമ്പുഷ്ടമാക്കപ്പെട്ടതാണ് മലയാള ഭാഷ. നമ്മുടെ മാതൃഭാഷയായ മലയാളം എഴുതാനും വായിക്കാനും ഓരോ കുട്ടിയും അറി ഞ്ഞിരിക്കുക എന്നുള്ളത് പ്രധാനമാണ്. നൂതന സാങ്കേതിക വിദ്യകളുടെ കടന്നുകയറ്റം കുട്ടികളുടെ വായനാശീലത്തെ ഇല്ലാതാക്കി എന്നു തന്നെ പറയാം. വായന കുറഞ്ഞ പ്പോൾ സ്വാഭാവികമായും കുട്ടിയുടെ എഴുത്തിൽ കൂടുതൽ തെറ്റുകൾ കടന്നു വരുന്നതിന് കാരണമായി.

## ലക്ഷ്യങ്ങൾ

- സ്കൂളിലെ മുഴുവൻ കുട്ടികളെയും എഴുതാനും വായിക്കാനും കഴിവുള്ളവരാ ക്കുക.
- കുട്ടികളിൽ വായനാശീലം വളർത്തുക
- സർഗാത്മക രചനകൾ ഉൾപ്പെടെയുള്ള മികവുകൾ പ്രകടിപ്പിക്കാൻ പ്രാപ്തരാ ക്കുക
- പാഠ്യപദ്ധതി ലക്ഷ്യം വെക്കുന്ന ഭാഷാശേഷി ആർജിക്കുക
- ദിനാചരണങ്ങൾ നടത്തുകയും ശ്രേഷ്ഠരായ സാഹിത്യകാരന്മാരെയും അവരുടെ സാഹിത്യകൃതികളെയും പരിചയപ്പെടുത്തുക
- നൂതനസാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രത്യേക പരിശീലന ക്ലാസുകൾ ഉറപ്പുവരുത്തുക.

# മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാനശേഷി വികാസം, ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും കുട്ടികളെ പ്രാപ്തരാക്കുക. | അനുഭവക്കുറിപ്പ് രചന, കുട്ടികൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാര രൂപങ്ങളിലൂടെ (കഥ,കവിത, യാത്രാവിവരണം, അനുഭവക്കുറിപ്പ് എന്നിവയിലൂടെ) അവതരിപ്പിക്കുക. | ജൂൺ | മലയാളം അദ്ധ്യാപകർ | |
| അക്ഷരങ്ങൾ, പദങ്ങൾ, വാക്യങ്ങൾ തെറ്റുകൂടാതെ എഴുതുന്നതിന് പ്രത്യേക പരിശീലനം നൽകൽ.<br>ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ.<br>പഠിതാക്കളിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക. | അക്ഷരങ്ങൾ എഴുതിയ കാർഡ് നൽകൽ,പദങ്ങൾ എഴുതിയ കാർഡ് നൽകൽ പ്രത്യേക പരിശീലനം. പുസ്തകങ്ങൾ, പ്രസിദ്ധീകരണങ്ങൾ എന്നിവ കുട്ടികൾ വായിക്കുന്നു. | എല്ലാ മാസവും | | |
| വായന - വായനാദിനം ജൂൺ 19 | വായന ക്വിസ്,<br>പുസ്തക ക്വിസ് | ജൂൺ | | |
| സാഹിത്യകാരന്മാരോടും സാഹിത്യകൃതികളോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി കുട്ടികളുടെ സർഗശേഷി വളർത്തൽ. | വായന,<br>വായനക്കുറിപ്പ്, കഥാപാത്രനിരൂപണം, | ജൂലൈ 5 | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വൈക്കം മുഹമ്മദ് ബഷീർ ദിനം ജൂലൈ 5<br><br>സാഹിത്യകാരന്മാരെ അറിയുന്നതിനും അവരോട് അനുകൂല മനോഭാവം കുട്ടികളിൽ വളർത്തുന്നതിനും അവരുടെ കൃതികൾ പരിചയപ്പെടുത്തുന്നതിനും. | ബഷീർ ക്വിസ്.<br><br>ചങ്ങമ്പുഴ ചരമദിനം ജൂൺ 17<br>കവിതാരചന മത്സരം<br>കാവാലം നാരായണ പണിക്കർ ചരമദിനം ജൂൺ 20<br>അനുസ്മരണം<br><br>സ്വാതന്ത്ര്യ ദിനം ഓഗസ്റ്റ് 15 ചിത്രരചന<br><br>കേരളപ്പിറവി ദിനം- കേരള ക്വിസ്<br><br>എഴുത്തുകൂട്ടം വായനക്കൂട്ടം സാഹിത്യ ക്വിസ് | ജൂലൈ<br><br>ഓഗസ്റ്റ്<br><br>നവംബർ<br><br>ജനവരി<br>ഫെബ്രുവരി | | |

# ഉറുദു

## ആമുഖം

ഇന്ത്യയിൽ ജനിച്ച, ലോകത്താകമാനം പടർന്നുപന്തലിച്ച ഭാഷയാണ് ഉറുദു. ഇന്തോ ആര്യൻ ഭാഷ കുടുംബത്തിലെ പ്രധാനിയായ ഉറുദു, ഘഡീ ബോലി എന്ന ഭാഷയിൽ നിന്ന് ഉരുത്തിരിഞ്ഞു വന്നതാണ്. ഇന്ന് അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന സംഗീത സുന്ദരമായ ഭാഷ കൂടിയാണ് ഉറുദു. കഥകളുടെയും കവിതകളുടെയും ഭാഷ ഹിന്ദുസ്ഥാനി സംഗീതത്തിന്റെ അന്തർധാരയായ ഉറുദു സംസ്കാരിക സമന്വയത്തിന്റെയും മാനവ

സാഹോദര്യത്തിന്റെയും മതേതരത്വത്തിന്റെയും മുദ്രവാക്യം ഉയർത്തിപ്പിടിക്കുന്ന ഭാഷ കൂടിയാണ്. .സ്കൂളിൽ 2025-26 വർഷത്തിൽ ഉർദു ഭാഷാ പഠനവുമായി ബന്ധപെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അക്കാദമിക, ഭൗതിക, സാമൂഹ്യ പ്രവർത്തനങ്ങളും നിർദേശങ്ങളും താഴെ ചേർക്കുന്നു.

## പൊതു ലക്ഷ്യങ്ങൾ

- ഉർദു ഭാഷ പഠനം ആയാസവും രസകരവുമാക്കി ആസ്വാദന പഠനം കുട്ടികൾക്ക് സാധ്യമാക്കുക.
- ഉർദു ഭാഷ, സാഹിത്യം എന്നിവയുമായി ബന്ധപ്പെട്ട പൊതു വിജ്ഞാനം നേടുന്നതിനുള്ള സന്ദർഭം സൃഷ്ടിക്കുക.
- തൊഴിൽ അനുബന്ധ മത്സരപരീക്ഷകൾക്ക് ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തുക.
- ഉർദു ഭാഷ പഠനവുമായി ബന്ധപ്പെട്ട് കരിക്കുലം വിഭാവനം ചെയ്യുന്ന പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും ആർജിക്കുക.
- ഉർദു പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഏഴാം ക്ലാസ് കഴിയുമ്പോഴേക്കും ഉർദു വായിക്കാനും കേട്ടെഴുതാനും അത്യാവശ്യം സാഹിത്യ രചനകൾ നടത്താനുമുള്ള ശേഷി ഉറപ്പാക്കുക.
- മുഴുവൻ കുട്ടികൾക്കും വിവിധ ജീവിത സന്ദർഭങ്ങളുമായി ബന്ധപ്പെട്ട് ഉർദു ഭാഷ സംസാരിക്കാൻ കഴിയും എന്ന് ഉറപ്പുവരുത്തുക.

- ഉർദു ഭാഷാ പഠനത്തിലൂടെ ജനാധിപത്യ മതേതരത്വ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന കുട്ടികളെ വാർത്തെടുക്കുക.

- വിവിധ കലാപരമായ കഴിവുകൾ അവതരിപ്പിക്കാനും ആസ്വദിക്കാനുമുള്ള കഴിവ് നേടുക.

- എല്ലാ കുട്ടികൾക്കും ഭംഗിയുള്ള കയ്യെഴുത്ത് സ്വായത്തമാക്കാനുള്ള പരിശീലനം നൽകുക.

- ഉന്നത പഠനത്തിന് പോകുന്ന കുട്ടികൾക്ക് ആവശ്യമായ ആക്കാദമിക നിലവാരം ഉണ്ടാക്കി എടുക്കുക.

- ഉർദു ഭാഷയെകുറിച്ച് സാമാന്യ അവബോധം വളർത്തിയെടുക്കുക.

- കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ വളർത്തുകയും, രചനാ ശേഷികൾക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുക.

- വിവിധ ദിനാചരണങ്ങളിലൂടെ ഭാഷാപരമായ ശേഷികൾ വളർത്തുക.

# ഉർദു

| പ്രവർത്തനം | പ്രവർത്തന ഘട്ടം | കാലയളവ് | ചുമതല | ഫണ്ട് | വിലയിരുത്തൽ |
|---|---|---|---|---|---|
| പഠേം ആഗെ ബഢേം<br>ഉർദു വായന | വായന മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ,ബാലമാസികകൾ, ഉർദു പത്രങ്ങൾ, വായന കാർഡുകൾ തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ. | വിവിധ ദിനാചരണങ്ങളിൽ | ഉറുദു ക്ലബ് സബ്ജക്റ്റ് കൌൺസിൽ | | എച് എം, സബ്ജക്റ്റ് കൌൺസിൽ |
| മേരെ അൽഫാസ്<br>ഉർദു കയ്യെഴുത്ത് മാഗസിൻ | രചനാ ശേഷി വളർത്തൽ, ഉർ ദുവിൽ മികച്ചതും ഭംഗിയുള്ളതുമായ കൈ എഴുത്ത് എന്നീ ലക്ഷ്യ പൂർത്തീകരണത്തിനും, കുട്ടികളിലെ സർഗ്ഗാത്മകത വളർത്തുന്നതിനും വേണ്ടി കയ്യെഴുത്ത് മാസിക, ചുമർ പത്രിക നിർമണം,വായന കാർഡ് നിർമാണം | ടേമിൽ ഒന്ന് വീതം | ഉറുദു ക്ലബ് സബ്ജക്റ്റ് കൌൺസിൽ | | എച് എം, സബ്ജക്റ്റ് കൌൺസിൽ |
| e-ദുനിയ<br>ഉർദു ടൈപ്പിംഗ് | കുട്ടികൾക്ക് ഉർദു ടൈപ്പിംഗിൽ പരിശീലനം നൽകൽ. പ്രിൻ്റഡ് പതിപ്പുകൾ, വായന കാർഡ് തുടങ്ങിയവ തയ്യാറാക്കൽ. | ഒരു വർഷം | ഉറുദു ക്ലബ് സബ്ജക്റ്റ് കൌൺസിൽ | | എച് എം, സബ്ജക്റ്റ് കൌൺസിൽ |
| ഡിജിറ്റൽ മാഗസിൻ | കുട്ടികളിലെ രചനകൾ ഉൾപ്പെടുത്തി കൊണ്ട് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കൽ. | വർഷത്തിൽ ഒന്ന് | ഉറുദു ക്ലബ് | | എച് എം, സബ്ജക്റ്റ് കൌൺസിൽ |
| ഖസാന-എ ഇൽമ്<br>പൊതുവിജ്ഞാനം | പൊതുവായതും ഉർ ദുവില്യുള്ളതുമായ പൊതുവിജ്ഞാനം കുട്ടികളിലെത്തിക്കുന്നതിന് വേണ്ടി ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുക. | ടേമിൽ ഒന്ന് വീതം | ഉറുദു ക്ലബ് | | എച് എം, സബ്ജക്റ്റ് കൌൺസിൽ |

| | | | | | |
|---|---|---|---|---|---|
| മുശാഇറ | ഉർദു ഗസലിനേയും ഹിന്ദുസ്ഥാനി സംഗീതത്തേയും അടുത്തറിയുന്നതിനും സംഗീത വാസനയുള്ള കുട്ടികളെ കണ്ടെത്തുന്നതിനും മുശാഇറയും ഗസൽ സായാഹ്നവും സംഘടിപ്പിക്കുക. | വർഷത്തിൽ ഒന്ന് | ഉറുദു ക്ലബ് | | എച്ച് എം, സബ്ജക്ട് കൌൺസിൽ |
| ഹം മിലേം ഉർദുക്യാമ്പ് | കുട്ടികളിലെ രചനാപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുതകും വിധം കവിത, കഥ, ഉപന്യാസ ക്യാമ്പുകൾ നടത്തുക. ഉർദു സാഹിത്യകാരന്മാരുടെ ക്ലാസുകൾ സംഘടിപ്പിക്കുക. | വർഷത്തിൽ ഒന്ന് | ഉറുദു ക്ലബ് | | എച്ച് എം, സബ്ജക്ട് കൌൺസിൽ |
| ഷോർട്ട് ഫിലിം | കുട്ടികളിലെ അഭിനയ കഴിവും, അവതരണ ശേഷിയും പരിപോഷിപ്പിക്കും വിധം വിവിധ വിഷയ സംബന്ധമായ ഷോർട്ട് ഫിലിമുകൾ തയ്യാറാക്കൽ. | വർഷത്തിൽ ഒന്ന് | ഉറുദു ക്ലബ് | | എച്ച് എം, സബ്ജക്ട് കൌൺസിൽ |
| ഉർദുദിനം | ടാലന്റ് മീറ്റ് അക്ഷര മരം ഭാഷാ സെമിനാർ എൻ്റെ പതിപ്പ് | അതത് ദിനങ്ങളിൽ | ഉറുദു ക്ലബ് | | എച്ച് എം, സബ്ജക്ട് കൌൺസിൽ |
| വായന ആസ്വാദനം | കുട്ടി വായന, അമ്മയും-കുഞ്ഞും വായന ആസ്വാദന കുറിപ്പ്, പുസ്തക ചർച്ച,ക്വിസ് മത്സരം,മെഗാ ക്വിസ്. | ഒരു വർഷം | ഉറുദു ക്ലബ് | | എച്ച് എം, സബ്ജക്ട് കൌൺസിൽ |
| തലാഷ് | പ്രാദേശിക പഠന യാത്രകൾ സംഘടിപ്പിക്കൽ | വർഷത്തിൽ ഒന്ന് | ഉറുദു ക്ലബ് | | എച്ച് എം, സബ്ജക്ട് കൌൺസിൽ |

| | | | | | |
|---|---|---|---|---|---|
| ദിനാചാരണങ്ങൾ | ഭാഷാ ശേഷി വളർത്തുന്നതിനുതകുന്ന രീതിയിൽ വിവിധ ദിനാചരണ \| പരിപാടികൾ സംഘടിപ്പിക്കൽ. | അതത് ദിനങ്ങളിൽ | ഉറുദു ക്ലബ് | | എച് എം, സബ്ജക്റ്റ് കൌൺസിൽ |
| തൊഴിൽ നൈപുണി | തൊഴിൽ നൈപുണി വളർത്തുന്നതിന് വേണ്ടി വിവിധ പരിശീലനങ്ങൾ സംഘടിപ്പിക്കൽ. | വർഷത്തിൽ ഒന്ന് | ഉറുദു ക്ലബ് | | എച് എം, സബ്ജക്റ്റ് കൌൺസിൽ |
| ഉറുദു കെ മോത്തിയാം ഉറുദു സാഹിത്യത്തെ പരിചയപ്പെടൽ | ഉർദു സാഹിത്യ രൂപങ്ങളെയും ഉർദു സാഹിത്യകാരന്മാരെയും പരിചയപ്പെടുത്തുന്ന പൊതുവേദി ഒരുക്കുക. ഉർദുവിലെ പ്രസിദ്ധരായ എഴുത്തുകാരുടെ രചനകൾ പരിചയപ്പെടുത്തുക | വർഷത്തിൽ ഒന്ന് | ഉറുദു ക്ലബ് | | എച് എം, സബ്ജക്റ്റ് കൌൺസിൽ |

# സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സംഖ്യാ പഠനം<br>അക്ഷര പഠനം | അക്ഷര ഗീതത്തിലൂടെയും സംഖ്യാ ഗീതത്തിലൂടെയും ഉള്ള ശൈക്ഷണം | ജൂൺ ജൂലൈ | അധ്യാപകർ | സംസ്കൃതം ക്ലബ്ബ് |
| പ്രശ്നോത്തര കേളി | എല്ലാദിവസവും 2 ചോദ്യം വീതം കുട്ടികൾക്ക് നൽകുന്നു | ജൂൺ - മാർച്ച് | അധ്യാപകർ | |
| വ്യവഹാര സംസ്കൃതം പോസ്റ്റർ പ്രദർശിപ്പിക്കൽ | സംസ്കൃതപദങ്ങൾ ആയിട്ടുള്ള മലയാള പദങ്ങളെ കുട്ടികളിൽ പരിചയപ്പെടുത്തൽ | ജൂൺ ഓഗസ്റ്റ് | അധ്യാപകർ കുട്ടികൾ | |
| സംസ്കൃത ദിനം "സേവന കാര്യം" | സംസ്കൃത ദിനവുമായി ബന്ധപ്പെട്ട് പുണ്യ പ്രവർത്തനം ചെയ്യൽ | ഓഗസ്റ്റ് സെപ്റ്റംബർ | അധ്യാപകർ പിടിഎ | പി ടി എ |
| സംസ്കൃത യാത്ര | സാംസ്കാരിക മൂല്യങ്ങളെ പിടിച്ച് മുന്നോട്ട് പോകാൻ ഉതകുന്ന യാത്ര | ഒക്ടോബർ നവംബർ | അധ്യാപകർ കുട്ടികൾ പിടിഎ | പി ടി എ ,എം പി ടി എ |

# അറബി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ക്ലബ്ബ് രൂപീകരണം | ഭാരവാഹികളെ തിരഞ്ഞെടുക്കൽ | ജൂൺ | അധ്യാപകൻ | |
| സ്കൂൾതല ക്ലബ്ബ് ഉദ്ഘാടനം | ക്ലബ്ബിലെ വിവിധ കുട്ടികളുടെ കലാപരിപാടികൾ | ജൂലൈ | അധ്യാപകൻ കുട്ടികൾ | അറബിക് ക്ലബ്ബ് |
| വാട്സ്ആപ്പ് ഗ്രൂപ്പ് സജീവമാക്കൽ (ഇ വായന വായനകാർഡുകൾ ) | വാട്സ്ആപ്പ് ഗ്രൂപ്പുകൾ വഴി വായനക്ക് അവസരം ഒരുക്കുന്നു, അറബി ഭാഷാ കാർഡുകൾ കൈമാറുന്നു | ജൂലൈ മുതൽ | അധ്യാപകൻ | അധ്യാപകൻ |
| ഗ്രീറ്റിംഗ് കാർഡ് നിർമ്മാണം | സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് ഗ്രീറ്റിംഗ് കാർഡുകൾ നിർമ്മിച്ച് കൈമാറുന്നു | ഓഗസ്റ്റ് | അധ്യാപകൻ കുട്ടികൾ | കുട്ടികൾ / അധ്യാപകൻ |
| മാഗസിൻ നിർമ്മാണം | കുട്ടികളിൽ നിന്നും സൃഷ്ടികൾ ക്ഷണിച്ച് മാഗസിൻ നിർമ്മിക്കുന്നു | സെപ്റ്റംബർ മുതൽ | അധ്യാപകൻ കുട്ടികൾ | |
| അറബിക് വർക്ക് ഷീറ്റ് നിർമ്മാണം ഉപയോഗം | ഒന്നാം ടേം മൂല്യനിർണയം കഴിഞ്ഞ് ഉടൻ തന്നെ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വർക്ക് ഷീറ്റുകൾ നൽകുന്നു. | സെപ്റ്റംബർ | അധ്യാപകൻ | അധ്യാപകൻ |

| | | | | |
|---|---|---|---|---|
| കേരളപ്പിറവി ദിനം<br><br>അറബിക് ദിനാചരണം | കേരളത്തിന്റെ മാപ്പ് വരച്ച ജില്ലകൾ അറബിയിൽ രേഖപ്പെടുത്തുന്നു.<br><br>അറബി ഭാഷാദിന സന്ദേശം അറബിക് ബോർഡുകൾ സ്ഥാപിക്കൽ | നവംബർ<br><br>ഡിസംബർ | കുട്ടികൾ<br><br>അധ്യാപകൻ കുട്ടികൾ | കുട്ടികൾ<br><br>കുട്ടികൾ / അധ്യാപകൻ |

# അടിസ്ഥാന ശാസ്ത്രം

## ആമുഖം

കണ്ടതും കേട്ടതും അനുഭവപ്പെട്ടതുമെല്ലാം എന്തെന്നും എങ്ങനെയെന്നും ആലോ ചിക്കുമ്പോഴാണ് ശാസ്ത്രപഠനം ആരംഭിക്കുന്നത്. സസ്യജന്തു - ജാലങ്ങൾ, വായു, വെള്ളം, മണ്ണ്, ആകാശം തുടങ്ങിയവയുടെ നിരീക്ഷണം സൂക്ഷ്മ തലത്തിലേക്ക് എത്തേ ണ്ടതുണ്ട്. അതിന് സഹായകമായ പ്രവർത്തനങ്ങളും ഉപകരണ നിർമ്മാണ സാധ്യതകളും ഐ.സി.ടി സാധ്യതയും പ്രയോജനപ്പെടുത്തണം. ശാസ്ത്രാഭിരുചിയുള്ള ഒരു സമൂഹം സൃഷ്ട്ടിക്കാൻ കഴിയുന്നതാകണം നമ്മുടെ ക്ലാസ് റൂമുകൾ.

## ലക്ഷ്യങ്ങൾ

- ശാസ്ത്രാഭിമുഖ്യവും പ്രക്രിയശേഷിയും വളർത്തുക
- ശാസ്ത്ര പഠനത്തിന്റെ പ്രായോഗിക പാഠങ്ങൾ സ്വായത്തമാക്കുക
- ശാസ്ത്ര സംബന്ധിയായ പുതിയ ആശയങ്ങൾ സമൂഹവുമായി പങ്കിടുക
- കുട്ടികളിൽ നിരീക്ഷണ - പരീക്ഷണ പാടവം വളർത്തുക
- മികച്ച ശാസ്ത്ര പ്രതിഭകൾക്ക് കൂടുതൽ പരിശീലനം നൽകി നിലവാരമുയർത്തുക
- ശാസ്ത്ര സംബന്ധിയായ പാഠ പുസ്തകങ്ങൾ കുട്ടികളുടെ നേതൃത്വത്തിൽ നിർമ്മിക്കുക

# സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | നിശാഗന്ധി-ജൈവവൈവിധ്യ പാർക്ക്:<br><br>ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ് ,ഹെൽത്ത് ക്ലബ് | പി ടി എ |
| | കണ്ടറിയാമൊരു യാത്ര<br><br>വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |
| | പരീക്ഷണക്കളരി<br><br>നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോ ഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപ കരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | മാസ്റ്റർ മൈന്റ്<br><br>ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ട്കൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് | |
| | എക്സ്പ്ലോ-എക്സ്പ്ലോർ<br><br>ആധുനിക ശാസ്ത്രലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |
| | ശാസ്ത്ര വിസ്മയച്ചുമർ<br><br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയച്ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് | |
| | മുഖാമുഖം<br><br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | പി.ടി.എ സയൻസ് ക്ലബ്ബ് |
| | യുറേക്കാ<br><br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

| | | | | |
|---|---|---|---|---|
| ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതികവിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | വിസ്മയ യാത്ര<br><br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

# സാമൂഹ്യ ശാസ്ത്രം

## ആമുഖം

സമൂഹത്തെക്കുറിച്ചും സാമൂഹിക ചുറ്റുപാടിനെക്കുറിച്ചുമുള്ള പഠനമാണ് സാമൂഹിക ശാസ്ത്രം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

## ലക്ഷ്യങ്ങൾ

- ചരിത്രബോധം വളർത്തിയെടുക്കൽ
- തെളിവുകളുടെ അടിസ്ഥാനത്തിൽ ചരിത്രപഠനം
- ചരിത്രശേഷിപ്പുകൾ സംരക്ഷിക്കുന്നതിനുള്ള അവബോധം
- തെരഞ്ഞെടുപ്പ് പ്രക്രിയ തിരിച്ചറിയൽ
- ജനാധിപത്യ ബോധവും പൗരധർമ്മവും വളർത്തൽ
- മോഡൽ പാർലമെന്റിന്റെ വിവിധ ഘട്ടങ്ങളിലെ പങ്കാളിത്തം
- സംവാദാത്മക പഠനത്തിലൂടെ വിവിധ സാമൂഹ്യ വിഷയങ്ങളിൽ പ്രതികരിക്കുന്നു.
- ഭൂപട നിർമ്മാണ ശേഷി
- അറ്റ്ലസ് നിർമ്മാണ ശേഷി
- ഗ്ലോബ് നിർമ്മാണ ശേഷി
- സാമൂഹ്യ ശാസ്ത്ര ലാബ് നവീകരണം

# സാമൂഹ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇന്ത്യ, കേരളം എന്നിവയുടെ മാപ്പ് കൃത്യമായി മനസ്സിലാക്കാനും പഠിക്കാനും | മാപ്പ്, മാപ്പേ...... ICT സാധ്യതകൾ ഉപയോഗിച്ചും, കളികളിലൂടെയും ഭൂപട വായന, സംസ്ഥാനങ്ങൾ, ജില്ലകൾ എന്നിവ പഠിതാവിന് സ്വായത്തമാക്കുന്നു. | വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| ചരിത്രശേഷിപ്പുകൾ കണ്ടു മനസ്സിലാക്കാനും നമ്മുടെ ചുറ്റുപാടുകൾ അറിയാനും അവയിലെ വൈവിധ്യം മനസ്സിലാക്കാനും | പി... പി.... വണ്ടി പോവട്ടെ..... പശ്ചിമഘട്ടം, മ്യൂസിയങ്ങൾ, ഗുഹകൾ, ചരിത്രശേഷിപ്പുകൾ എന്നീ പ്രദേശങ്ങളിലേക്ക് യാത്രകൾ നടത്തുക. | വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | പിടിഎ, എസ് എസ് ക്ലബ്ബ് |
| പ്രകൃതിദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കാനും അവയെ എങ്ങനെ നേരിടാം എന്ന അറിവ് സ്വായത്തമാക്കാനും. | അറിയാനും, കരുതാനും..... പ്രകൃതിദുരന്തങ്ങളിൽ രക്ഷാപ്രവർത്തനം നടത്തിയവരുമായി അഭിമുഖം നടത്തുക. ഫയർ സ്റ്റേഷൻ, പോലീസ് സ്റ്റേഷൻ എന്നിവിടങ്ങളിൽ സന്ദർശനം. | ജൂലൈ | | എസ് എസ് ക്ലബ്ബ്, മാനേജ്മെന്റ്,പിടിഎ |
| ചരിത്ര പ്രാധാന്യമുള്ള സംഭവങ്ങൾ മനസ്സിലാക്കുക. | അറിയാം മനസ്സിലാക്കാം ചരിത്ര സംഭവങ്ങളുടെ വീഡിയോ പ്രദർശനം. | വർഷം മുഴുവൻ | എസ് എസ് ക്ലബ്ബ് | എസ് എസ് ക്ലബ്ബ് |
| പാർലമെന്റ് ഇലക്ഷൻ | സ്കൂൾ ലീഡർ, സ്പോർട്സ് കൺവീനർ, സാഹിത്യ സമാജം സെക്രട്ടറി എന്നീ സ്ഥാനത്തേക്ക് വോട്ടെടുപ്പിലൂടെ തിരഞ്ഞെടുക്കുന്നു. | ജൂലൈ 9 | എസ് എസ് ക്ലബ്ബ് | പിടിഎ. |
| സ്വാതന്ത്ര്യ ദിനം | ക്വിസ് മത്സരം- ക്ലാസ് തലം, സ്കൂൾ തലം | | | എസ് എസ് ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| സ്വാതന്ത്ര്യത്തെക്കുറിച്ച് അവബോധം ഉണ്ടാക്കാൻ. | ആൽബം തയ്യാറാക്കൽ ( വിഷയം- സ്വാതന്ത്ര്യദിന സമര നേതാക്കൾ) ക്ലാസ് തല മത്സരം | ഓഗസ്റ്റ് 12 | എസ് എസ് ക്ലബ്ബ് | |
| റിപ്പബ്ലിക് ദിനം | ക്വിസ് മത്സരം- സ്കൂൾതലം<br>ചാർട്ട് പ്രദർശനം (വിഷയം- ഭരണഘടന) | ജനവരി 23 | എസ് എസ് ക്ലബ്ബ് | എസ് എസ് ക്ലബ്ബ്, |
| ഹിരോഷിമ, നാഗസാക്കി ദിനം | യുദ്ധക്കെടുതികൾ _ഡോക്യുമെന്റേഷൻ പ്രദർശനം<br>കൊളാഷ് (വിഷയം യുദ്ധം- ഭീകരതകൾ) | ഓഗസ്റ്റ് 6 | എസ് എസ് ക്ലബ്ബ് | എസ് എസ് ക്ലബ്ബ് |

# ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ. ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷര ങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക.പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| ഹിന്ദി വായന:<br>തെറ്റ് കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി. ഡി. താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| ഹിന്ദി സംസാരം: ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസിൽ കൊണ്ടുവരും.<br><br>വായനയ്ക്ക്...<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധ യോടെ അത് ശരിയാക്കി വായിക്കും.<br>Readery fight മത്സരവായന തെറ്റാതെ ആവർത്തി ക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം.<br><br>ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

# ഐ ടി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും കമ്പ്യൂട്ടർ പഠനം | നിലവിലുള്ള കമ്പ്യൂട്ടർ ലാബ് വിപുലീകരിക്കാൻ മാനേജ്മെന്റ്, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരെ സമീപിക്കും. | വർഷം മുഴുവൻ | ഐ ടി ക്ലബ്ബ് | പിടിഎ, മാനേജ്മെന്റ് |
| കമ്പ്യൂട്ടർ സാക്ഷരത: കുട്ടികളോടൊപ്പം രക്ഷിതാക്കൾക്കും കമ്പ്യൂട്ടർ പഠനം. | മോഡ്യൂൾ തയ്യാറാക്കി കുട്ടികളുടെ കൂടെ തന്നെ രക്ഷിതാക്കൾക്കും കമ്പ്യൂട്ടർ പഠനവും കൂടെ സർട്ടിഫിക്കറ്റ് വിതരണവും, പൊതുജന പങ്കാളിത്തത്തോടെ. | വർഷം മുഴുവൻ | ഐ ടി ക്ലബ്ബ് അധ്യാപകർ | പിടിഎ |
| വിവരസാങ്കേതിക മേഖല കുട്ടികൾക്ക് പരിചയപ്പെടുത്തുക. | മുക്കം ഉപജില്ലയിലെ വിവിധ സ്കൂളുകളിൽ നിന്ന് എൽ പി തലം വിദ്യാർത്ഥികൾക്കായി പെയിന്റിങ് മത്സരം | സെപ്റ്റംബർ | ഐ ടി ക്ലബ്ബ് | പിടിഎ |
| പഠനാനുഭവം മെച്ചപ്പെടുത്താൻ ക്ലാസ് റൂമുകൾ ഡിജിറ്റൽ ആക്കുക. | മികച്ച പഠനാനുഭവം ലഭിക്കാൻ ക്ലാസ് റൂമുകൾ മാനേജ്മെന്റുമായി സഹകരിച്ച് ഡിജിറ്റൽ വൽക്കരിക്കുക. | വർഷം മുഴുവൻ | ഐ ടി ക്ലബ്ബ് | മാനേജ്മെന്റ് |
| കൂടുതൽ പേർ ഒരുമിച്ചിരുന്ന് ഡിജിറ്റൽ ക്ലാസുകൾ ലഭ്യമാക്കൽ | പിടിഎ, മാനേജ്മെന്റ് എന്നിവരുടെ സഹായത്തോടെ മിനി തിയേറ്റർ നിർമ്മിക്കുക. | വർഷം മുഴുവൻ | ഐ ടി ക്ലബ്ബ് അധ്യാപകർ | അലൂമിനി, പിടിഎ |

# ENGLESTIA CLUB

## Introduction

As a global language, it is essential to maximize the skills of children in English as a means of communication and knowledge acquisition. Therefore, it is very important to plan activities to develop English language proficiency in schools.

Students who need to acquire learning, speeking, Reading and writing skills need to master the language at its practical masterplan will be transformed into a worth while endeavor.

## Aims

- Enable all children to read and write English
- Give children the opportunity to present their creative activities
- Develop the habit of reading
- Bring language learning to international standards.
- Reachout to all children with all the learning out comes aimed at in learning the English Language
- Use the English language on a practical level

# ENGLISH

| AIMS | ACTIVITY | DURATION | DUTY | FINANCE |
|---|---|---|---|---|
| Enable all children to read and write English | English word book<br>English greeting card making<br>Letter Writing<br>English Magazine | June - March | English trs | |
| Develop the habit of Reading and Presenting it. | E-Radio<br>English Assembly | July – February | English trs | |
| Give Children the Opportunity to present their creative activities | English fest<br>English Speech | February- January | | |